

ഭോപ്പാൽ

02/12/1984

# നഷ്ടപരിഹാരം 10 ലക്ഷമാക്കാൻ ശുപാർശ

**1300 കോടിയുടെ പാക്കേജ് ▲ അംഗവൈകല്യം വന്നവർക്ക് അഞ്ചു ലക്ഷം വരെ നൽകും ▲ അർബുദ ബാധിതർക്ക് രണ്ടു ലക്ഷം ▲ റിപ്പോർട്ട് പ്രധാനമന്ത്രിക്ക് സമർപ്പിച്ചു**

പി. ബസന്ത്

**ന്യൂഡൽഹി:** ഭോപ്പാൽ വാതകദുരന്തത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്ക് 10 ലക്ഷം രൂപ വരെയും സ്ഥിരമായി അംഗവൈകല്യം വന്നവർക്ക് അഞ്ചുലക്ഷം രൂപവരെയും നഷ്ടപരിഹാരം നൽകാൻ മന്ത്രിസഭാ ഉപസമിതി ശുപാർശചെയ്തു. പ്ലാൻറും പരിസരപ്രദേശവും മാലിന്യമുക്തമാക്കുന്നതിന്300 കോടിരൂപ കേന്ദ്രസർക്കാർ സംസ്ഥാനത്തിന്നൽകും. ഭോപ്പാൽ സ്മാരക ആസ്പത്രി ഏറ്റെടുത്തു നവീകരിക്കുന്നതിന്230 കോടിയുടെ പദ്ധതിയടക്കം 1300 കോടിരൂപയുടെ പാക്കേജാണ് കേന്ദ്രസർക്കാറിൻെറ മന്ത്രിസഭാ ഉപസമിതി നിർദേശിച്ചത്.

യൂണിയൻ കാർബൈഡ് ചെയർമാനായിരുന്ന വാറൻ ആൻഡേഴ്സനെ വിട്ടുകിട്ടാനുള്ള നടപടികളും സർക്കാർ കൈക്കൊള്ളും. വ്യാവസായികദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ഉത്തരവാദിത്വം നിശ്ചയിക്കുന്നതിനും പ്രത്യേക നിയമനിർമാണത്തിനും മന്ത്രിസഭാ ഉപസമിതി ശുപാർശചെയ്തിട്ടുണ്ട്.

റിപ്പോർട്ട് തിങ്കളാഴ്ച പ്രധാനമന്ത്രിക്ക് സമർപ്പിച്ചു. ഇത് ചർച്ചചെയ്യുന്നതിന് വെള്ളിയാഴ്ച പ്രത്യേക മന്ത്രിസഭായോഗം ചേരും. മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ട് അധ്യക്ഷൻകൂടിയായ ആഭ്യന്തരമന്ത്രി പി. ചിദംബരമാണ് പ്രധാനമന്ത്രിക്ക് നൽകിയത്. വാതകദുരന്തത്തിൽ സ്ഥിരമായി അംഗവൈകല്യം വരികയോ മരിക്കുകയോ ചെയ്തവരുടെ കുടുംബങ്ങൾക്ക് നേരത്തേ മൂന്നുലക്ഷം രൂപ ലഭിച്ചിട്ടുണ്ടെങ്കിൽ ബാക്കി തുകയാണ് ലഭിക്കുക. സ്ഥിരമായ അംഗവൈകല്യം സംഭവിച്ചവർക്ക് അഞ്ചുലക്ഷം രൂപയും ഭാഗികമായ അംഗവൈകല്യമുള്ളവർക്ക് മൂന്നുലക്ഷം രൂപയുമാണ് നഷ്ടപരിഹാരം. അർബുദ ബാധിതർക്ക് രണ്ടു ലക്ഷം രൂപയും ലഭിക്കും. ഇതിനുള്ള പണം കേന്ദ്രം നൽകും. യൂണിയൻ കാർബൈഡും സർക്കാറുമായുള്ള ഒത്തുതീർപ്പു പ്രകാരം 1989-ൽ 1200 കോടിരൂപ നഷ്ടപരിഹാരം നിശ്ചയിച്ചിരുന്നു. ഇതിന് സുപ്രീംകോടതിയുടെ അംഗീകാരവും ലഭിച്ചിരുന്നു. ദുരന്തം ബാധിച്ച 5,60,000 പേരിൽ 37,000 പേർക്ക് സ്ഥിരമായി അംഗവൈകല്യം സംഭവിച്ചതായാണ് കണക്ക്.

ആൻഡേഴ്സനെ വിട്ടയച്ചതുമായി ബന്ധപ്പെട്ട് അന്നത്തെ പ്രധാനമന്ത്രി രാജീവ്ഗാന്ധിക്കു നേരെ സംശയത്തിൻെറ നിഴൽ നീണ്ടപ്പോഴാണ് ഇയാളെ വീണ്ടും വിട്ടുകിട്ടാൻ സർക്കാർ നടപടിയെടുക്കുന്നത്. ഹാജരാകണമെന്നവിചാരണക്കോടതിയുടെ നിർദേശം പലതവണ അംഗീകരിക്കാനും ആൻഡേഴ്സൻ തയ്യാറായില്ല. 20,000-ത്തോളം പേർ മരിച്ച ദുരന്തത്തിനു കാരണമായ ഭോപ്പാലിലെ പ്ലാൻറും പരിസരപ്രദേശങ്ങളും മാലിന്യമുക്തമാക്കുന്ന നടപടികൾ മധ്യപ്രദേശ് സർക്കാറിൻെറ ഉത്തരവാദിത്വമായിരിക്കും. മൂന്നു കൊല്ലവും 300 കോടിരൂപയും ചെലവുവരുന്ന ഈ നടപടിക്ക് സംസ്ഥാനസർക്കാറിനെ സഹായിക്കാൻ വിദഗ്ധരുടെ സേവനവും ഉറപ്പാക്കും. ഈ പണവും കേന്ദ്രം തന്നെ വഹിക്കുമെങ്കിലും ഡൗ കെമിക്കൽസിൽനിന്ന് തുക വീണ്ടെടുക്കാനുള്ള നിയമനടപടികൾ തുടരും.

2004 മുതൽ മധ്യപ്രദേശ് ഹൈക്കോടതിയുടെ ജബൽപ്പുർ ബെഞ്ചിൽ ഡൗ കെമിൽക്കൽസിനെതിരായ കേസ് നടക്കുകയാണ്. യൂണിയൻ കാർബൈഡ് കമ്പനി 2001-ലാണ് ഡൗ കെമിക്കൽസ് വാങ്ങിയത്. 2005-ൽ അന്ന് വളംമന്ത്രിയായിരുന്ന രാം വിലാസ് പാസ്വാൻ വിഷമയമായ മാലിന്യങ്ങൾ നീക്കംചെയ്യുന്നതിന് ഡൗ കെമിക്കൽസിൽനിന്ന് നൂറുകോടി രൂപ വാങ്ങണമെന്ന് നിർദേശിച്ചിരുന്നു. എന്നാൽ, കാർബൈഡ് കമ്പനി വാങ്ങിച്ചതുകൊണ്ട് വാതകദുരന്തവുമായി തങ്ങളെ ബന്ധപ്പെടുത്താൻ പറ്റില്ലെന്ന നിലപാടാണ് ഡൗ കെമിക്കൽസ് സ്വീകരിച്ചത്.

1996-ലെ വിധി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് സുപ്രീംകോടതിയിൽ തിരുത്തൽ ഹർജി നൽകാനും മന്ത്രിസഭാ ഉപസമിതി നിർദേശിച്ചു. കുറ്റകരമായ അനാസ്ഥയ്ക്ക് കേസെടുത്താൽ മതിയെന്ന ജസ്റ്റിസ് എ.എം. അഹമ്മദിയുടെ വിധി തിരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ അറ്റോർണി ജനറലിനോട് സർക്കാർ നിർദേശിക്കും. മനപ്പൂർവമല്ലാത്ത നരഹത്യയ്ക്കുള്ള വകുപ്പ് ഉൾപ്പെടുത്താനാണ് ശ്രമം. 304-എ വകുപ്പുപ്രകാരമെടുത്ത കേസിൽ രണ്ടുകൊല്ലം മാത്രമാണ് പ്രതികൾക്ക് ശിക്ഷലഭിച്ചത്. മനപ്പൂർവമല്ലാത്ത നരഹത്യയ്ക്ക് പത്തുകൊല്ലംവരെ തടവ് ലഭിക്കും.

കഴിഞ്ഞ വെള്ളിയാഴ്ചമുതൽ മൂന്നുദിവസമായി ചേർന്നു വന്ന ഉപസമിതി ഭോപ്പാൽദുരന്തവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട ഭാവിനടപടികൾ ചർച്ചചെയ്തിരുന്നു.

വാറൻ ആൻഡേഴ്സനെ വിട്ടുകിട്ടുന്നതടക്കമുള്ള നടപടികൾ സമിതി ചർച്ചചെയ്തുവെന്ന് ആഭ്യന്തരമന്ത്രി പി. ചിദംബരം മാധ്യമപ്രവർത്തകരോട് പറഞ്ഞു. ദുരന്തബാധിതരുടെ കാര്യം സർക്കാർ ഗൗരവത്തോടെയാണ് കാണുന്നതെന്ന് അദ്ദേഹം പറഞ്ഞു.